# പൊന്നാനിയിൽ നിന്ന് പി.സി. വഴി തൃശ്ശൂരിൽ

ടി. വേണുഗോപാലൻ

**1949** ജൂലൈയിലാണ്. തൃശ്ശൂർ കേരളവർമ കോളേജിൽ ബി.എയ്ക്കു ചേരാൻ പി.സി. കുട്ടിക്കൃഷ്ണന്റെ ശുപാർശക്കത്തുമായി കോളേജിലെ മലയാളം അധ്യാപകനായ എൻ.വി. കൃഷ്ണവാരിയരുടെ അടുത്തു ഞാൻ അമ്മാമൻ ഗോപാലക്കുറുപ്പിന്റെ കൂടെ ചെന്നു. (പി.സി. പിന്നീട് ഉറൂബായി; പക്ഷേ, ഞങ്ങൾക്ക് അദ്ദേഹം എന്നും പി.സി. ആയിരുന്നു.)

വൈകുന്നേരം ഒരഞ്ചരമണിക്കാണ്, മറ്റു ചില അദ്ധ്യാപകരോടൊപ്പം പൂങ്കുന്നത്ത് എൻ.വി. താമസിക്കുന്ന വീട്ടിലെത്തിയത്. വരാന്തയിൽ തിണ്ണയിൽ വെളുത്തു മെലിഞ്ഞുണങ്ങിയ ഒരു ചെറുപ്പക്കാരൻ തോർത്തുമുണ്ടു മാത്രം ഉടുത്ത് ഇരുന്നു പത്രം വായിക്കുന്നു. യജമാനന്മാർ സായാഹ്നസവാരിക്കു പോയ സമയത്തു വേലക്കാരൻ പത്രം വായിക്കുകയാവണം. എൻ.വി. കൃഷ്ണവാരിയർ ഇവിടെത്തന്നെയല്ലേ താമസം എന്ന് അമ്മാമൻ ചോദിച്ചു.

'വേലക്കാരൻ' ക്ഷണം പത്രം നിലത്തിട്ട് എഴുന്നേറ്റു. "പി.സി. പറഞ്ഞയച്ചതാണല്ലോ? നമുക്ക് ഇപ്പോൾത്തന്നെ പ്രിൻസിപ്പലെ വീട്ടിൽ പോയി കാണാം." ഞങ്ങൾ ഒന്നു പകച്ചു. ഇവനോ കോളേജധ്യാപകൻ എന്ന ഭാവം അമ്മാമന്റെ മുഖത്ത്. തേക്കാത്ത ഒരു മുറിക്കയ്യൻ ഷർട്ടുമെടുത്തിട്ട് എൻ.വി. തയാറായി.

പ്രിൻസിപ്പൽ പി. ശങ്കരൻനമ്പ്യാരെപ്പറ്റി ഞാൻ ധാരാളം കേട്ടിരുന്നു. പതിനഞ്ചാം വയസ്സിൽ ചമ്പുകാവ്യം എഴുതിയ ആൾ. മലയാളത്തിൽ കവിയും നിരൂപകനുമെന്ന നിലയ്ക്ക് പേരുകേട്ട ആൾ. കേരളത്തിലെ ഏറ്റവും കേമന്മാരായ രണ്ടു മൂന്ന് ഇംഗ്ലീഷ് അധ്യാപകരിൽ ഒരാൾ.

ആ മുൻ എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ പുറമേയ്ക്ക് ആകാരംകൊണ്ടും പ്രൗഢികൊണ്ടും ആനയെപ്പോലെയുണ്ട്- ആട്ടിൻകുട്ടിയെപ്പോലെയുള്ള എൻ.വിയുടെ അടുത്ത്.



ബിരുദമില്ലാത്തതുകൊണ്ട് ബി.എ.ക്കാരെ പഠിപ്പിക്കാൻ യോഗ്യതയില്ലാതെ പോയ ഒരു മഹാപണ്ഡിതൻ കെ.പി. നാരായണ പിഷാരടി. അതുകൊണ്ട് ബി.എ. ക്ലാസിലെ അധ്യാപകരും ശിഷ്യരും അപ്പുറത്ത് പിഷാരടി മാസ്റ്റർ ക്ലാസെടുക്കുമ്പോൾ നിശ്ശബ്ദം ശ്രദ്ധിക്കും. അങ്ങിനെ അദ്ദേഹത്തിന്റെ ഏകലവ്യശിഷ്യനായിത്തീർന്ന ലേഖകന്റെ ഗുരുദക്ഷിണ ഈ ലേഖനം.

എന്തോ എഴുതിക്കൊണ്ടിരിക്കുന്ന ശങ്കരൻ നമ്പ്യാർ എൻ.വിയെ കണ്ടയുടനെ നിർത്തി കുശലം പറയാൻ തുടങ്ങി. പി.സി. പറഞ്ഞയച്ച ആൾ എന്ന് എൻ.വി. എന്നെ പരിചയപ്പെടുത്തി. നാളെത്തന്നെ ഓഫീസിൽ വന്നു പണമടച്ചുകൊള്ളൂ എന്ന് അദ്ദേഹം പറഞ്ഞു.

തന്റെ വീടിന്റെ അടുത്തുതന്നെ അഞ്ചു വിദ്യാർഥികൾ താമസിക്കുന്ന ഒരു ലോഡ്ജിൽ (ഒരു ചെറിയ വീട്) എൻ.വി. എനിക്കു താമസം ഏർപ്പാടാക്കി. കൊല്ലത്തുകാരൻ ശ്രീധരൻനായർ, ചേർത്തലക്കാരനായ രാധാകൃഷ്ണ പണിക്കരും രവീന്ദ്രനാഥും, കൊടകരകകാരനായ ചന്ദ്രൻ മേനോൻ, കണ്ടശ്ശാംകടവുകാരൻ ശിവരാമൻ എന്നിവരായിരുന്നു അവിടെ ഉണ്ടായിരുന്നത്. മലബാറുകാരനായ എന്നെ എൻ.വി. പറഞ്ഞതുകൊണ്ടുമാത്രമാണ് സ്വീകരിച്ചത്. തിരുവിതാംകൂറുകാരായ മൂന്നു പേരും കെ. എസ്.പിക്കാരായിരുന്നു. ശ്രീകണ്ഠൻ നായരോട് വീരാരാധനയുള്ളവർ, ബേബി ജോണിന്റെയും കെ. ജനാർദനക്കുറുപ്പിന്റെയും ഒക്കെ അപദാനങ്ങൾ വർണിക്കുന്നവർ. ഖദറിട്ടു ചെന്ന ഈ മലബാറുകാരൻ കോൺഗ്രസ്സുകാരനാണെന്ന ധാരണകൊണ്ടായിരുന്നു അവരുടെ വൈമനസ്യം. പക്ഷേ, കാഴ്ചയ്ക്ക് അശുവും പരമസാധുവുമായ എന്നെ ഒതുക്കാൻ പണിയില്ലെന്നു കണ്ട് അവർ സമാധാനിച്ചിരിക്കണം. ഞങ്ങൾ വേഗം അടുത്തു. തിരുവിതാംകൂറുകാർ കേട്ടമാതിരിയൊന്നും അപകടകാരികളല്ലെന്ന് എനിക്കു ബോധ്യമായി. മലബാറുകാർക്കും വലിയ കുഴപ്പമൊന്നുമില്ലെന്ന്

അവർക്കും മനസ്സിലായിക്കാണണം. അവിടത്തെ താമസം എനിക്ക് അത്യന്തം പ്രയോജനകരമായിരുന്നു. തിരുവിതാംകൂർ രാഷ്ട്രീയത്തിന്റെ ഒരു സ്വരൂപം മനസ്സിലാക്കാൻ കഴിഞ്ഞു. 'കൗമുദി' ബാലകൃഷ്ണനെ അറിയാനും 'കൗമുദി' വായിക്കാനും കഴിഞ്ഞു. ബേബി ജോൺ ആയിടയ്ക്ക് ഒളിവിലായിരുന്ന കാലത്ത് ഒരാഴ്ച ഞങ്ങളുടെ ലോഡ്ജിലായിരുന്നു. ആൾ ആരാണെന്നു കൂട്ടുകാർ എന്നോടു പറഞ്ഞിരുന്നില്ല. പിന്നെയാണ് സംഗതി മനസ്സിലായത്. പ്രശസ്ത ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്ന വേലായുധൻ നായർ കോളേജിൽ പ്രസംഗിക്കാൻ വന്നപ്പോൾ അവരുടെ അതിഥിയായി താമസിച്ചതും ഞങ്ങളുടെ ലോഡ്ജിൽത്തന്നെ. ഷൊർണൂർ പാലത്തിനപ്പുറത്ത് തെക്കൊട്ടു വലിയ ഒരു ലോകമുണ്ടെന്ന് ഞാൻ അറിഞ്ഞുതുടങ്ങി.

എൻ.വി. കൂടെക്കൂടെ വന്ന് എന്റെ കാര്യങ്ങൾ അന്വേഷിച്ചു. കോളജിൽ വച്ചും അങ്ങനെ മേലന്വേഷണമുണ്ട്. ഇതൊക്കെ കണ്ട് ഞാൻ എൻ.വിയുടെ അനുജനാണെന്നു വദ്യാർഥികൾ തെററിദ്ധരിച്ചുപോയി. മെലിഞ്ഞു കുറിയ ഒരു വെളുത്ത പയ്യൻ. എൻ.വി.യുടെ മുഖച്ഛായയ്ക്കുമുണ്ടത്രെ ആകെ ഒരു 'വാരിയത്തം!'

ഇതെന്നും എന്റെ യോഗമാണ്. കോഴിക്കോട്ട് 'മാതൃഭൂമി'യിൽ ചേർന്നതോടെ പുറത്തുള്ളവർക്ക് ഞാൻ പട്ടർ ആണെന്നാണ് തോന്നിയത്. മറ്റു പത്രങ്ങളിലെ പത്രപ്രവർത്തകരും അങ്ങനെതന്നെ വിശ്വസിച്ചു. എന്റെ മുഖത്തിന് സ്വഭാവത്തിൽ സാധുക്കളായ സമുദായക്കാരുടെ ഛായ മാത്രമാണ് കാണുന്നത്! പലരും പരിചയപ്പെട്ടവരും വഴിക്കുകാണുന്നവരും ഒരേപോലെ സ്വാമി എന്നേ വിളിക്കൂ. ഇപ്പോഴും അതുണ്ട്. പത്രപ്രവർത്തക യൂണിയൻ സമ്മേളനങ്ങളിൽ പങ്കെടുക്കാൻ ചെല്ലുമ്പോഴൊക്കെ ചിലർ അദ്ഭുതപ്പെടും. എങ്ങനെ ഞങ്ങളുടെ നേതാക്കളുടെ ഇടയിൽ ഒരു പട്ടർ കിടന്നു വിലസുന്നു! ഞാൻ ചോദിക്കും: പട്ടർക്കെന്താ കുഴപ്പം? നമ്മുടെ പ്രമുഖ നേതാവായ വീരശൂരൻ എൽ.എസ്. തന്നെ (പി.ടി. ഐ. പ്രതിനിധിയായിരുന്ന എൽ. സുബ്രഹ്മണ്യം) പട്ടരല്ലേ! സർ സി.പി. തന്നെ പട്ടരല്ലേ! ഞങ്ങളുടെ നേതാവായ എൻ.വി. പൈലി (തൃശ്ശൂരിലെ 'എക്സ്പ്രസ്സി'ന്റെ പ്രതിനിധി) ഇതു കേട്ടു പറഞ്ഞു: തെറ്റിയാൽ പട്ടരോളം ചെറ്റയാവാൻ ക്രിസ്ത്യാനിക്കുകൂടി പറ്റില്ല. എന്താ, താൻ ആ വഴിക്കു വല്ല ഭാവവമുണ്ടോ?

കേരളവർമ കോളേജിലെ അന്തരീക്ഷവും ജീവിതവും ആഹ്ളാദകരമായിരുന്നു. ഒരു പഴയ കൊട്ടാരവും എട്ടുകെട്ടും വിശാലമായ വളപ്പും. ക്ലാസുമുറികളായി വളരെ ചെറിയ കൂരകൾ. വളരെ കുറച്ചു വിദ്യാർത്ഥികൾ. അധികംപേരും സാഹിത്യതല്പരർ. ബി.ഒ.എല്ലിന് മദിരാശി സർവകലാശാലയിൽതന്നെ ഒറ്റ വിദ്യാർത്ഥിയേയുള്ളൂ. എ.പി.പി. നമ്പൂതിരി. അദ്ദേഹത്തെ ആരും പഠിപ്പിക്കേണ്ടെന്നും സംശയം ചോദിച്ചാൽ പറഞ്ഞുകൊടുത്താൽ മതിയെന്നുമായിരുന്നു ശങ്കരൻ നമ്പ്യാരുടെ നിർദ്ദേശം. എ.പി.പിയും എൻ.എൻ. കക്കാടും വന്നു ഞങ്ങളുടെ ലോഡ്ജിൽ സൊറ പറഞ്ഞിരിക്കും. രാത്രി എട്ടുമണിയായാൽ പോകാൻ ധൃതിയായി. ബ്രഹ്മസ്വം മഠത്തിൽ നമ്പൂതിരിമാർക്ക് സൗജന്യമായി ചോറു കിട്ടും. കീശയിൽ നിന്നു പൂണൂൽ എടുത്തിട്ട് രണ്ടുപേരും ഇറങ്ങും. ഒരിക്കൽ നോക്കുമ്പോൾ കക്കാടിന്റെ പൂണൂൽ കാണാനില്ല. എടുക്കാൻ മറന്നിരിക്കുന്നു. ക്ഷണം ഞങ്ങൾ നൂൽ വാങ്ങിക്കൊണ്ടുവന്ന് പൂണൂൽ ഉണ്ടാക്കി ഇട്ട് അയച്ചു.

മലയാളം പ്രൊഫസർ ഡി.പി. ഉണ്ണി പ്രസശ്ത സാഹിത്യകാരൻ. ഉറച്ച പാണ്ഡിത്യം. അത്രതന്നെ സഹൃദയത്വവും. 'നളചരിതം രണ്ടാം ദിവസം' പഠിപ്പിക്കുന്ന അദ്ദേഹം ഒരു ദിവസം തുടക്കത്തിൽ കാളിദാസന്റെ കാവ്യവൈഭവത്തെ പരാമർശിച്ചു. എന്നിട്ട് ചൊല്ലി:

"ചാലേ മാലിനിയും മരാളമിഥുനം
വാഴും മണൽത്തിട്ടയും
ചോലയ്ക്കപ്പുറമായ് മൃഗങ്ങൾ മരുവും
ശൈലേന്ദ്രപാദങ്ങളും
ചീരംചാർത്തിന വൃക്ഷമൊന്നുതിനടു-
ത്തായിട്ടു കാന്തന്റെ മെയ്-
ചാരിക്കൊമ്പിലിടത്തു കണ്ണുരസുമാ-
മാൻപേടയും വേണ്ടതാം"

തുടർന്ന് അന്നത്തെ ക്ളാസ് മുഴുവൻ അദ്ദേഹം ആ ശ്ലോകത്തിന്റെ വ്യംഗ്യാർഥതലങ്ങളിലേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോവുകയായിരുന്നു-പ്രത്യേകിച്ചും അവസാനത്തെ വരിയുടെ വ്യാഖ്യാനം കേട്ട് ഞങ്ങൾക്കു കൂടുതൽ മതിപ്പുണ്ടായത് കാളിദാസനോടോ ഉണ്ണിസാറിനോടോ എന്നു തീർച്ചയില്ല.

പക്ഷേ, ഉണ്ണിസാർ അത്രതന്നെ കടുത്ത പക്ഷപാതിയുമായിരുന്നു. കുട്ടിക്കൃഷ്ണമാരാരെ കണ്ടുകൂടാ. അത്രതന്നെ ഇഷ്ടക്കേട് 'നളചരിത'ത്തിനു വ്യാഖ്യാനമെഴുതിയ ദേശമംഗലത്ത് രാമവാരിയരോടും ഉണ്ടായിരുന്നു. മാരാരുടെ അവതാരികയോടെ 'മാതൃഭൂമി' പ്രസിദ്ധീകരിച്ചതാണ് ആ വ്യാഖ്യാനം. പാഠപുസ്തകത്തിലും അപ്പുറം പലതും വായിക്കുന്നവരാണ് ക്ളാസ്സിലുള്ളവർ എന്നു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ആരും രാമവാരിയരുടെ വ്യാഖ്യാനവും മാരാരുടെ അവതാരികയും മറിച്ചുനോക്കുകപോലുമരുത്. ഒക്കെ അബദ്ധമയമാണ്. തന്റെ ഗുരുവായ ആറ്റൂരിന്റെ ശാകുന്തളം തർജമയുടെ നിരൂപണത്തെത്തുടർന്ന് ഉണ്ണിസാർ മാരാരുമായി കൊമ്പുകോർത്ത കാര്യം ഞങ്ങളോർത്തു. എന്തായാലും അദ്ദേഹം വലിയ കർക്കശക്കാരനായിരുന്നു. ചോദ്യങ്ങൾ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അനിഷ്ടം കാണിക്കുന്ന ഉരത്ത മറുപടികൊണ്ട് എല്ലാവരെയും ഇരുത്തും.

തലേദിവം ഉണ്ണിസാർ 'നളചരിത'ത്തിലെ നാലുവരി എടുത്ത് ഒരു മണിക്കൂർ മുഴുവൻ വിസ്തരിച്ചു. പാണ്ഡിത്യവും ഗവേഷണപടുത്വവും മുറ്റിനിന്ന പ്രഭാഷണം. പിറ്റേന്ന്, അദ്ദേഹം ക്ലാസ്സിൽ വരുന്നതിനു മുൻപ് ഞങ്ങളിലൊരാൾ ബോർഡിൽ എഴുതിവച്ചു:

"ആകൃതി കണ്ടാലതിനങ്ങേയം
തനി സുന്ദരിച്ചിയുടെ സാദൃശ്യേയം
ആരാലിവൾ തന്നധരം പേയം
(എന്നാലിവൾ തന്നധരം പേയം)"

പഴയ ഒരു വേശ്യാകാവ്യത്തിലെ നായികയായ നാണീനങ്ങയെ ഉദ്ദേശിച്ചാണ് 'നങ്ങേയം' എന്നു പ്രയോഗിച്ചത്. ഉണ്ണിസാർ തന്നെ മുമ്പൊരു ക്ലാസ്സിൽ തന്ന വിജ്ഞാനം ശിഷ്യൻ ഉപയോഗപ്പെടുത്തുകയായിരുന്നു.

ഉണ്ണിസാർ ബോർഡിലെ കവിത വായിച്ചു. രൂക്ഷമായി ക്ലാസ്സിനെ ആകെയൊന്നു നോക്കി. കവിത മായ്ച്ചുകളഞ്ഞ് ഒരു ചോദ്യം ഏതു കുശവനാണ് അത് ഉണ്ടാക്കിയത്?

എന്തൊരു അരസികൻ!

(അതു മക്കൾക്കും തോന്നിയിരിക്കണം! മക്കളെ ചീത്ത പറയുന്ന ഒരു കവിത 1950-കളുടെ ഒടുവിൽ അദ്ദേഹം 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു. വൃദ്ധജനങ്ങളെ മക്കൾ അവഗണിക്കുന്ന, ഇന്നു ചർച്ച ചെയ്യപ്പെടുന്ന പ്രശ്നം, അന്നേ അദ്ദേഹം ഉന്നയിക്കുകയായിരുന്നു!)

മറിച്ചായിരുന്നു കെ.പി. നാരായണപിഷാരടിസ്സാറിന്റെ നില. ബിരുദമില്ലാത്തതുകൊണ്ട് അദ്ദേഹത്തിനു ബി.എക്കാരെ പഠിപ്പിക്കാൻ യോഗ്യതയില്ല!

ഇന്റർമീഡിയറ്റ് ക്ലാസ്സിലേ അദ്ദേഹത്തെ കയറ്റൂ. കൊട്ടാരക്കാലത്ത് കുതിരയെ കെട്ടിയിരുന്ന ഒരു കുര ഒന്നു മിനുക്കിയെടുത്തു മറവച്ചു രണ്ടാക്കി ഒന്നിൽ ബി.എ.യ്ക്കും മറ്റൊന്നിൽ ഇന്റർമീഡിയറ്റിനും മലയാളം ക്ലാസ് നടക്കും. പിഷാരടിസാർ അപ്പുറത്തു ക്ലാസ്സെടുക്കാൻ വന്നാൽ ഇപ്പുറത്തു പിന്നെ ബി.എയ്ക്ക് ക്ലാസ്സില്ല. അധ്യാപകനും ഞങ്ങളും ആ ക്ലാസ് കേട്ടിരിക്കും. ഉറക്കെയാണ് പിഷാരടി സാർ സംസാരിക്കുക. അപ്പുറത്തു ക്ലാസ് ഉണ്ടെന്ന വിചാരമൊന്നും ഉണ്ടാവില്ല. തുറന്നടിക്കുന്ന സാഹിത്യസല്ലാപം. ശൃംഗാരഘട്ടങ്ങളൊക്കെ വിവരിക്കുമ്പോൾ താൻ ശിഷ്യരോടാണ് സംസാരിക്കുന്നതെന്നു മറക്കും. ശൃംഗാരത്തിൽ ലയിച്ച് അദ്ദേഹം കാളിദാസനെയും അതിശയിക്കും

"അപരിക്ഷതമായ് മയം പെടുന്നീ-

തവ ചുണ്ടിൻ നറുതേൻ പിപാസുവാം ഞാൻ

പുതുപൂവിനുടേതു വണ്ടുപോലെ

കൊതിയോടൊന്നു നുകർന്നിടട്ടെ കാന്തേ!"

എന്ന അർത്ഥത്തിലുള്ള ശാകുന്തളം ശ്ലോകം അദ്ദേഹം ബി.ഒ.എല്ലിനു ചേരാൻ നിൽക്കുന്ന ഇന്റർമീഡിയറ്റുകാർക്കു വ്യാഖ്യാനിച്ചുകൊടുക്കുന്നതു കേൾക്കുകതന്നെ വേണം! പക്ഷേ, സാഹിത്യരസികത്തത്തോടൊപ്പം അധ്യാപകന്റെ നിർമമത്വവും അതിനുണ്ടായിരുന്നു.

ഞങ്ങൾ പിഷാരടിസാറിന്റെ ഏകലവ്യന്മാരായിരുന്നു. പക്ഷേ, പ്രാഗലഭ്യമില്ലാത്തവർ. എങ്കിലും ഏകലവ്യന്റെ പാടവം അല്പമൊന്നു കാട്ടാൻ ഞങ്ങൾക്കും അവസരമുണ്ടാവാറുണ്ട്. ബി.എ. സംസ്കൃതം വിദ്യാർഥികൾ ഞങ്ങളുടെ സഹായം തേടും. ചോദ്യം വായിച്ചാൽ മനസ്സിലാവുന്ന സംസ്കൃതാജ്ഞാനമേ അവർക്കു വേണ്ടൂ. പരീക്ഷയ്ക്ക് ഉത്തരം ഇംഗ്ലീഷിലെഴുതാം. ശാകുന്തളത്തെ സംബന്ധിച്ചു പ്രതീക്ഷിക്കുന്ന ചോദ്യങ്ങൾക്ക് മലയാള തർജമകൾ വായിച്ചിരുന്ന ഞങ്ങളിൽ ചിലർക്കു പിഷാരടിസാറിന്റെ 'ശിക്ഷണം' കൂടിയായിപ്പോൾ, ഇംഗ്ലീഷിൽ ഉത്തരം തയാറാക്കിക്കൊടുത്തു സഹായിക്കാമെന്ന നില വന്നു.

പിഷാരടിസാറും ഞങ്ങളും തമ്മിൽ ബന്ധപ്പെട്ടിട്ടില്ല. നേർശിഷ്യന്മാരോടുതന്നെ അദ്ദേഹം ഗുരുദക്ഷിണ ചോദിച്ചില്ല. ചോദിക്കാതെതന്നെ കവി എം.എൻ. പാലൂർ ആദ്യത്തെ കവിതാസമാഹാരം ലാഭസഹിതം അദ്ദേഹത്തിനു ഗുരുദക്ഷിണയായി സമർപ്പിച്ചത് ഓർക്കുന്നു. പെരുവിരലിൽ പേന അമർത്തിവച്ചെഴുതിയ ഈ ഓർമക്കുറിപ്പ് പിഷാരടി സാറിന് ഗുരുദക്ഷിണയായി അർപ്പിക്കട്ടെ.

**ചായകുടിക്കാൻ പ്രിൻസിപ്പലിന് ഒരേ ആളേ കൂട്ടിനുള്ളൂ – എൻ.വി. എന്താണ് അവർ തമ്മിൽ പറയുന്നത്? ഹാളിനു പുറത്തു ചുമർചേർന്നു ചെവി വട്ടംപിടിച്ചു നടക്കാറുള്ള ചിലർ അറിയിച്ചത് അവർ സംസ്കൃതത്തിൽ വർത്തമാനം പറയുന്നു എന്നാണ്.**

എൻ.വിയും സരസൻ. അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചത് 'ഇന്ദുലേഖ'യാണ്. പഠിപ്പിക്കലാണെന്നു പറഞ്ഞുകൂടാ. ഇന്ദുലേഖയും മാധവനും തമ്മിലുള്ള സംഭാഷണങ്ങൾ അദ്ദേഹം ഉറക്കെ വായിക്കും. സ്വയം രസിച്ചാണ് വായന. ആ മുഖഭാവത്തിൽനിന്നും പൊട്ടിച്ചിരിയിൽനിന്നും ഞങ്ങൾ അതിന്റെ സ്വാരസ്യം മുഴുവൻ മനസ്സിലാക്കും. മറ്റു ഭാഗങ്ങളൊക്കെ സ്വയം വായിച്ചുകൊള്ളൂ എന്നു പറയും. എൻ.വിയുടെ 'നീണ്ട കവിതകൾ' ഇന്റർമീഡിയറ്റിനു പാഠപുസ്തകമാണ്. പഠിപ്പിക്കുന്നത് എൻ.വി. തന്നെ. തന്നെപ്പറ്റിയല്ലെന്ന മട്ടിൽ അദ്ദേഹം വളരെ നിർമമനായി കവിയെ പരിചയപ്പെടുത്തും. പിന്നെ കവിതകളിലേക്കു കടക്കും. ഈ മഹാഭാഗ്യം 'കേരളവർമ' വിദ്യാർഥികൾക്കു മാത്രമുള്ളതായിരുന്നു.

ഞങ്ങൾക്കു കൗതുകമുള്ള കാഴ്ച ശങ്കരൻ നമ്പ്യാരുടെ ചായകുടിയാണ്. കൊട്ടാരത്തിൽ മുൻപു ബില്യാർഡ്സ് ഹാൾ ആയിരുന്ന ക്ലാസ് മുറിയാണ് സ്ഥലം. അതിൽനിന്നിറങ്ങിയാൽ കാന്റീൻ ആയി. കാന്റീൻ സ്വാമി പ്രിൻസിപ്പലിനായി പ്രത്യേകം കോപ്പുകളും ജഗ്ഗും വാങ്ങിവച്ചിട്ടുണ്ട്. ചായകുടിക്കാൻ പ്രിൻസിപ്പലിന് ഒരേ ആളേ കൂട്ടിനുള്ളൂ – എൻ.വി. എന്താണ് അവർ തമ്മിൽ പറയുന്നത്? ഹാളിനു പുറത്തു ചുമർ ചേർന്നു ചെവി വട്ടംപിടിച്ചു നടക്കാറുള്ള ചിലർ അറിയിച്ചത് അവർ സംസ്കൃതത്തിൽ വർത്തമാനം പറയുന്നു എന്നാണ്.

തനിക്ക് സംസ്കൃതം അറിഞ്ഞുകൂടെന്നേ ശങ്കരൻനമ്പ്യാർ പറയൂ. ഒരിക്കൽ കാശിയിൽനിന്നുള്ള ഒരു ശാസ്ത്രികൾ സംസ്കൃതത്തിൽ പ്രസംഗിക്കാൻ വന്നു. ചേലകൊണ്ട് ദേഹം പൊതിഞ്ഞ ഒരു മൊട്ടത്തലയൻ. ശങ്കൻനമ്പ്യാർ തന്നെ അദ്ദേഹത്തെ ആനയിച്ചു കൊണ്ടുവരുന്നതു കണ്ടപ്പോൾ എല്ലാവരും പ്രസംഗം കേൾക്കാൻ കയറി. സംസ്കൃതം 'മൃതഭാഷയല്ല' എന്നായിരുന്നു വിഷയം. മലയാള സാഹിത്യഭാഷ അറിയുന്നവർക്കൊക്കെ മനസ്സിലാവുന്ന സംസ്കൃത പ്രസംഗം. ഞാൻ ഏതു ഭാഷയിലും കേട്ട ഏറ്റവും ഹൃദ്യമായ പ്രസംഗങ്ങളിലൊന്നായിരുന്നു അത്. ശാസ്ത്രികൾ പറഞ്ഞു. നിങ്ങളുടെ പ്രിൻസിപ്പൽ തനിക്കു സംസ്കൃതം അറിയില്ലെന്നു പറയുന്നു; ഇതു പറയുന്നതുതന്നെ സംസ്കൃതത്തിലാണ്. എന്തുപോലെ എന്നുവച്ചാൽ തന്റെ അമ്മ വന്ധ്യയാണെന്ന് ഒരാൾ പറയുന്നതുപോലെ. ശാസ്ത്രികളുടെ പ്രസംഗം കഴിഞ്ഞു ശങ്കരൻ നമ്പ്യാരുടെ നന്ദിപ്രകടനമുണ്ടായി, ഇംഗ്ലീഷിൽ. ഒരിക്കലും മറക്കാത്ത സരസ്വതീപ്രവാഹം തന്നെ.

നമ്പ്യാർസാർ ഞങ്ങളെ ഷെയ്ക്സ്പിയറാണ് പഠിപ്പിച്ചിരുന്നത്. പുസ്

തകം വേണ്ട. അങ്ങനെ ക്ലാസ് എടുത്തുകൊണ്ടിരിക്കുമ്പോൾ തന്നെ ഓഫീസ് കടലാസുകൾ നോക്കുന്ന പണിയും അദ്ദേഹം ചെയ്തുകൊണ്ടിരിക്കും. ഒരിക്കൽ, ഇംഗ്ലീഷ് കവിത പഠിപ്പിക്കുന്ന അധ്യാപകൻ വന്നില്ല. പകരം ശങ്കരൻനമ്പ്യാർ എത്തി. കീറ്റ്സിന്റെ 'രാക്കുയിലിനോട്' എന്ന കവിതയാണ് പഠിപ്പിക്കുന്നതെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം കവിത മുഴുവൻ ചൊല്ലി ഒരു മണിക്കൂർകൊണ്ട് ക്ലാസ്സെടുത്തു തീർത്തു. അദ്ദേഹത്തിന്റെ ആംഗലഭാഷണം കേൾക്കുമ്പോൾ ചങ്ങമ്പുഴക്കവിത ചൊല്ലിക്കേൾക്കുന്ന അനുഭവമാണ്. ഖരാക്ഷരങ്ങളില്ലാത്ത അനർഗളത. മറിച്ച്, മലയാളത്തിൽ പ്രസംഗിക്കുമ്പോൾ, അദ്ദേഹത്തിന്റെ ശബ്ദത്തിനും ശൈലിക്കും എന്തൊരു മാറ്റം! ഒരു കെട്ടിടം ഇടിഞ്ഞു പൊളിഞ്ഞു വീഴുന്ന പ്രതീതി.

ഇ.കെ. നാരായണൻപോറ്റിയായിരുന്നു ഞങ്ങളുടെ മറ്റൊരു മലയാള അധ്യാപകൻ. സാഹിത്യലേഖനങ്ങൾ എഴുതാറുണ്ട്. ഒരു പുസ്തകവും പ്രസിദ്ധപ്പെടുത്തിയിരുന്നു. ആദ്യത്തെ കൊല്ലം 'കണ്ണുനീർത്തുള്ളി'യും രണ്ടാമത്തെ കൊല്ലം 'ചിന്താവിഷ്ടയായ സീത'യുമാണ് അദ്ദേഹം പഠിപ്പിച്ചത്. വളരെ സൗമ്യൻ. അദ്ദേഹം ഒരു ശ്ലോകം വിവരിക്കുമ്പോൾ, ഞങ്ങളിൽ ചിലർ അതിനു വേറെ അർഥങ്ങൾ പറഞ്ഞു തർക്കിക്കും. ആദ്യരാത്രിയിൽ വരന്റെ ചാടുവാക്കു കേട്ട് എന്ത് ഉത്തരം പറയണമെന്ന് അറിയാതെ വിഷമിക്കുന്ന ലജ്ജാവതിയായ നവോഢയെപ്പോലെ നിൽക്കും അദ്ദേഹം. ഒരു മുപ്പത്തഞ്ചുകൊല്ലം കഴിഞ്ഞ്, എന്റെ ഒരു സഹപ്രവർത്തകയുടെ കല്യാണം അദ്ദേഹത്തിന്റെ വീടിന്റെ ഏതാണ്ട് മുറ്റത്തുള്ള അമ്പലത്തിൽവച്ചായിരുന്നു. ഞാൻ ചെല്ലുന്നതു കണ്ടപ്പോൾ, ഹാളിലുണ്ടായിരുന്ന അദ്ദേഹം എന്നെ ക്ഷണം തിരിച്ചറിഞ്ഞ് പുറത്തു വന്ന് ആഹ്ലാദം കാട്ടി. പോറ്റിമാസ്റ്റർക്കും ഒരു മാറ്റവുമില്ല. കല്യാണത്തിനുശേഷം അദ്ദേഹം എന്നെ വീട്ടിലേക്കു കൊണ്ടുപോയി കുറെനേരം വർത്തമാനം പറഞ്ഞു.

അമ്മിണി അമ്മയും ഞങ്ങളുടെ മലയാളം അധ്യാപികയായിരുന്നു. എല്ലാവർക്കും പ്രിയപ്പെട്ട അമ്മിണി അമ്മ - അവർ പിൽക്കാലത്ത് കോളേജ് പ്രിൻസിപ്പലായി.

ഞങ്ങളെ ചരിത്രം പഠിപ്പിച്ചിരുന്ന ഐ.പി. ബാലഗോപാലിനെപ്പോലെ ഇത്ര ആത്മാർഥതയുള്ള അധ്യാപകരെ ഞാൻ അധികം കണ്ടിട്ടില്ല. ആൾ ഒട്ടും വാചാലനല്ല. അതുകൊണ്ടുന്നെ നല്ലപോലെ മിനക്കെടും. കൊല്ലം മുഴുവൻ എല്ലാ ശനിയാഴ്ചയും ഞങ്ങൾക്കു ചായയും ഏത്തപ്പഴവും വാങ്ങിച്ചുതന്ന് സ്പെഷൽ ക്ലാസ് നടത്തിയിരുന്നു. അദ്ദേഹത്തിന്റെ ബന്ധുവായ പി.കെ. സുരേന്ദ്രനാഥാണ് രാഷ്ട്രമീമാംസ പഠിപ്പിച്ചിരുന്നത്. ഇംഗ്ലീഷിൽ അദ്ദേഹത്തെപ്പോലെ വാഗ്വിലാസമുള്ളവർ ചുരുക്കം. അതുകാരണം വിഷയത്തിൽ കേന്ദ്രീകരിച്ചു നിൽക്കുന്നത് അപൂർവമാണ്. ഒരിക്കൽ ബാലഗോപാൽ സാർ പറഞ്ഞു: ഒരു തവണ ഞാൻ അയാളുടെ ക്ലാസ് പുറത്തുനിന്നു കേട്ടു. ഫ്രഞ്ച് വിപ്ലവമാണ് വിഷയം. പക്ഷേ, ഒരു മണിക്കൂർ മുഴുവൻ സംസാരിച്ചിട്ടും അയാൾ ഫ്രഞ്ച് വിപ്ലവത്തിലേക്കു കടന്നിരുന്നില്ല. എനിക്കാവട്ടെ, എത്ര പഠിച്ചാലും ഫ്രഞ്ചു വിപ്ലവത്തെക്കുറിച്ച് ഒരു മണിക്കൂർ തികച്ചു പറയാനില്ല. സുരേന്ദ്രനാഥ് സാർ പിന്നീട് കോഴിക്കോട്ട് മലബാർ ക്രിസ്ത്യൻ കോളോജിൽ ഇക്കണോമിക്സ് പ്രൊഫസറും അതു കഴിഞ്ഞു പയ്യന്നൂർ കോളേജ് പ്രിൻസിപ്പലുമായി.

ഞാൻ ബി.എ. കഴിഞ്ഞു കുറച്ചു മാസമായപ്പോൾ, 'മാതൃഭൂമി'യിൽ എൻ.വിയുടെ ജൂനിയർ സഹപ്രവർത്തകനായി. താൻ ഒരു ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും ഗ്രീക്ക് പുരാണങ്ങളുടെ തർജമയും തയാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അദ്ദേഹം തൃശ്ശൂരിൽവച്ച് പറഞ്ഞിരുന്നു. 'മാതൃഭൂമി'യിൽ വന്നതോടെ അതൊക്കെ വിട്ടു. കുറെക്കാലം ഞങ്ങൾ സഹപ്രവർത്തകരായി കഴിഞ്ഞു. പിന്നെ അദ്ദേഹം തിരുവനന്തപുരത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി പോയി. ഒരിക്കൽ ഞാൻ അദ്ദേഹത്തിന്റെ സഹായം തേടിച്ചെന്നു. കോളേജിൽ എന്റെ സഹപാഠിയും സുഹൃത്തും എൻ.വിയുടെ ശിഷ്യനുമായ ബി. വെല്ലിങ്ടൻ അന്ന് ആരോഗ്യമന്ത്രിയായിരുന്നു. മന്ത്രിയായ അദ്ദേഹത്തിൽനിന്നു ഞാൻ ഒഴിഞ്ഞുനിൽപ്പായിരുന്നു. ഒന്നുരണ്ടു തവണ അദ്ദേഹം മന്ത്രിയെന്ന നിലയ്ക്ക് 'മാതൃഭൂമി'യിൽ വന്നപ്പോഴൊന്നും ഞാൻ ചെന്നില്ല. ''എന്റെ ചങ്ങാതി വേണു ഇവിടെയുണ്ടല്ലോ-എവിടെ?'' എന്ന് അദ്ദേഹം അന്വേഷിച്ചതായി മറ്റുള്ളവർ പറയും. ശുപാർശ വേണ്ടവരുടെ ശല്യം ഒഴിവാക്കാനാണ് ഞാൻ, അദ്ദേഹം എന്റെ പരിചയക്കാരനാണെന്ന് അറിയാക്കാതെ മനഃപൂർവം ഒഴിഞ്ഞുനിന്നത്. എ.പി.പി. നമ്പൂതിരി ഇത്തരക്കാരുടെ ശല്യം കാരണം കഷ്ടത്തിലായ കഥ പറയാറുണ്ട്.

പക്ഷേ, ഇത്തവണ എനിക്ക് ഒഴിഞ്ഞുനിൽക്കാനായില്ല. അച്ഛന്റെ നിർബന്ധം. എന്റെ അനുജൻ ഡോ. മോഹൻദാസ് അന്നു മഞ്ചേരിയിലാണ്. അയാൾക്ക് മറ്റെവിടെയെങ്കിലും കഴിയുമെങ്കിൽ പാലക്കാട് ജില്ലയിലേക്ക്, ഒരു സ്ഥലം മാറ്റം വേണം. ഞാൻ ധൈര്യത്തിന് എൻ.വിയെയും കൂട്ടി വെല്ലിങ്ടനെ കാണാൻ ചെന്നു. ഔദ്യോഗിക വസതിയിലേക്കാണ് ഒരു സന്ധ്യയ്ക്കു ചെന്നത്. മന്ത്രി എത്തിയിട്ടില്ല. ഒരു വലിയ പുരുഷാരം കാത്തുനിൽക്കുന്നു. മന്ത്രി വന്നയുടനെ കാത്തുനിൽക്കുന്ന ഞങ്ങളെ കണ്ടു. അദ്ദേഹം എന്റെ കൈയുംപിടിച്ച്, എൻ.വിയോട് ആഹ്ലാദം കാണിച്ചു മുറിയിലേക്കു നടന്നു. അവിടെ പുറത്ത് തിക്കുറിശ്ശിയും കാത്തുനിൽക്കുന്നു. അദ്ദേഹത്തെയും കൂട്ടി "നമുക്ക് ഒന്നിച്ചു സംസാരിക്കാവുന്ന കാര്യങ്ങളേ ഉള്ളൂ."

ചെന്ന കാര്യം എൻ.വി. പറഞ്ഞു- മന്ത്രി ഉടൻ സമ്മതിച്ചു. പിന്നെ തിക്കുറുശിയുടെ തമാശകളായി. തനിക്ക് ഇപ്പോൾ സിനിമ കുറവാണെന്നും താൻ 'സ്റ്റാർ' ആയിരുന്ന കാലത്തു ക്ലാപ്പർ ബോയ്മാരായിരുന്നവർ ഇപ്പോൾ ഡയറക്ടർമാരായിരുന്നെന്നും അവർക്കു തന്നെ വിളിച്ച് അഭിനയിപ്പിക്കാൻ 'ബഹുമാനാതിരേകം' കൊണ്ടു മടിയുണ്ടെന്നുമൊക്കെ. പിന്നെ തനിക്കിപ്പോൾ തന്തയുടെ വേഷമേ പറ്റൂ - അതും നല്ല തറവാടിത്തമുള്ള തന്ത, ഇപ്പോഴാകട്ടെ സിനിമയിൽ ദരിദ്രവാസി തന്തകളേയുള്ളു; അപ്പോൾ ആരാണ് തന്നെ സിനിമയിലേക്കു വിളിക്കുക!

ഉടൻതന്നെ അനുജനു സ്ഥലംമാറ്റം കിട്ടി - അഗളിയിലേക്ക്! തൽക്കാലം പോയി ചേര്. പിന്നെ എന്തെങ്കിലും വഴി നോക്കാം എന്നു ഞാൻ സമാധാനിപ്പിച്ചു. രണ്ടുമാസം കഴി

ഞ്ഞപ്പോൾ അയാൾ പറഞ്ഞു, തനിക്കു സ്ഥലവും ജോലിയും ഇഷ്ടമായെന്നും ഇനി ഇവിടെത്തന്നെ മതിയെന്നും.

അങ്ങനെ അയാൾ അവിടെ കഴിയുമ്പോൾ, പൊന്നാനിക്കാരനായ ട്രാൻസ്പോർട്ട് മന്ത്രി ഇ.കെ. ഇമ്പിച്ചിബാവ അഗളിയിൽ വന്നു. അനുജനെ കണ്ട് അദ്ഭുതപ്പെട്ടു. ശങ്കുണ്ണി നായരുടെ മകനോ ഇവിടെ ഡോക്ടർ! ഡോക്ടറുമായുള്ള മന്ത്രിയുടെ കുശലവും അടുപ്പവും കണ്ടപ്പോൾ ഉദ്യോഗസ്ഥന്മാർ ഒന്നു പകച്ചു. ആശുപത്രിയിൽ അത്യാവശ്യം ചെയ്തുകിട്ടേണ്ട അടിയന്തരാവശ്യങ്ങൾ അനുജൻ മന്ത്രിക്കു വിവരിച്ചുകൊടുത്തു - രോഗികൾ കിടക്കുന്ന ഷെഡ്ഡുകളിൽ മഴവെള്ളം അടിക്കുന്നതു തടയാൻ മറ കെട്ടേണ്ടതും മറ്റും എല്ലാം അദ്ദേഹം കുറിച്ചെടുപ്പിച്ചു. എന്നിട്ടു കലക്ടറോടു പറഞ്ഞു: ഞാൻ രണ്ടുമാസം കവിഞ്ഞു വീണ്ടും വരും. അപ്പോഴേക്ക് എല്ലാം ചെയ്തിരിക്കണം.

അനുജനു വലിയ പ്രതീക്ഷ ഉണ്ടായിരുന്നില്ല. ഒന്നാമത്, മന്ത്രിയുടെ വകുപ്പിൽപെട്ട കാര്യമല്ല. പിന്നെ, സർക്കാർ കാര്യം മുറപോലെയേ നടക്കൂ എന്നും കരുതി.

പറഞ്ഞപോലെ രണ്ടുമാസം കഴിഞ്ഞ് മന്ത്രി വന്നു. എല്ലാം ഏറ്റപോലെ ചെയ്തുകഴിഞ്ഞിരിക്കുന്നു!

ഏറ്റകാര്യം ചെയ്യുമെന്നു നിഷ്കർഷയുള്ള മന്ത്രിയായിരുന്നു ഇമ്പിച്ചിബാവ. റോഡ് ഇല്ലാത്ത സ്ഥലങ്ങളിലേക്ക് അദ്ദേഹം ബസ് സർവീസ് നടത്തിയിട്ടുണ്ട്. സിഗരറ്റ് കൂടിന്മേൽ നിയമനകല്പന എഴുതിക്കൊടുത്ത് ഏറെ പൊന്നാനിക്കാരെ അദ്ദേഹം ട്രാൻസ്പോർട്ട് വകുപ്പിൽ കടത്തിയിട്ടുണ്ട്. അധികവും കോൺഗ്രസ്സുകാരുടേയും മറ്റുപാർട്ടിക്കാരുടെയും ശുപാർശയിന്മേൽ. അന്നു സംസ്ഥാനങ്ങളിലേക്കൊക്കെ പൊന്നാനിയിൽനിന്നു നേരിട്ടു ബസ് സർവീസ് ഏർപ്പെടുത്തി. പക്ഷേ, പൊന്നാനിക്കാർ അദ്ദേഹത്തോടു നന്ദി കാണിച്ചോ? അടുത്ത തെരഞ്ഞെടുപ്പിൽ പൊന്നാനിയിൽനിന്നു മത്സരിച്ച അദ്ദേഹം തോറ്റു!

അപ്പോൾ എനിക്കു പണ്ടു കോൺഗ്രസ് നേതാവും 'മാതൃഭൂമി' പത്രാധിപരുമായ കെ.എ. ദാമോദരമേനോൻ പറഞ്ഞ ഒരു കാര്യം ഓർമ വന്നു. ഒരു പാർട്ടിക്കാരൻ അദ്ദേഹത്തോടു പറഞ്ഞു ഇന്ന ആൾക്ക് ദാമോദരമേനോനോട് കലശലായ വിരോധമാണ്. ദാമോദരമേനോന്റെ മറുപടി: "അത് ഒട്ടും ശരിയാവാൻ വഴിയില്ല. വിരോധം തോന്നാൻ ഞാൻ ഇതുവരെ അയാൾക്ക് ഒരു ഉപകാരവും ചെയ്തുകൊടുത്തിട്ടില്ലല്ലോ!"

വെല്ലിങ്ടനെക്കുറിച്ച് പറഞ്ഞപ്പോൾ, കോളേജിലുണ്ടായിരുന്ന ഒരു പൊന്നാനിക്കാരന്റെ കാര്യം ഓർമ വന്നു. എന്റെ സീനിയറായിരുന്ന കൊളാടി ഗോവിന്ദൻകുട്ടി. കോളേജിൽ അന്ന് ഏററവും പ്രസിദ്ധനായ വിദ്യാർഥിയായിരുന്നു അദ്ദേഹം. ഇംഗ്ലീഷിലും മലയാളത്തിലും നന്നായി പ്രസംഗിക്കും. സാഹിത്യകാരൻ. നല്ല നടൻ. പക്ഷേ, കേളേജ് യൂണിയൻ ചെയർമാൻ തെരഞ്ഞെടുപ്പിൽ അദ്ദേഹം തോറ്റു- ഒരു നിലയ്ക്കും അദ്ദേഹത്തോടു കിടനിൽക്കാൻ പറ്റാത്ത എതിരാളിയോട്. കൊളാടി കമ്മ്യൂണിസ്റ്റ് അനുഭാവിയായിരുന്നു. ഒരുപറ്റം അനുഭാവികൾ അദ്ദേഹത്തിനു ചുറ്റുമുണ്ടാകും. പക്ഷേ, രാഷ്ട്രീയമല്ല കാരണം. കോളേജിൽ വിദ്യാർത്ഥി രാഷ്ട്രീയമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ എതിർഗ്രൂപ്പിലാകട്ടെ, എ.പി.പി.യെയും കക്കാടിനെയും പോലെയുള്ള അറിയപ്പെടുന്ന കമ്മ്യൂണിസ്റ്റ് അനുഭാവികൾ അണിനിരന്നിരുന്നുതാനും. അദ്ദേഹത്തിന്റെ ചില അനുചരന്മാരെപ്പറ്റി പെൺകുട്ടികൾക്കുള്ള ദുരഭിപ്രായമാണ് തോൽവിക്കു കാരണമെന്നു പിന്നീട് മനസ്സിലായി. തെരഞ്ഞെടുപ്പുഫലം നിർണയിച്ചിരുന്നതു പെൺകുട്ടികളാണ്.

കോളേജിൽവച്ചു ഞാൻ കൊളാടിയുമായി പരിചയപ്പെട്ടിരുന്നില്ല. അതുണ്ടാവുന്നത് 1954-ൽ മദിരാശിയിൽവച്ചാണ്. അദ്ദേഹം അവിടെ ലോകോളേജിൽ പഠിക്കുന്നു. ഞാൻ ജേർണലിസത്തിനു പഠിക്കുന്നു. കേരള സമാജത്തിന്റെ സാഹിതീസഖ്യത്തിൽ ഞങ്ങൾ കണ്ടുമുട്ടും. ഒരു തവണ, പുരോഗമനസാഹിത്യത്തെപ്പറ്റി ഒരു ചർച്ച വേണമെന്നായി. ആ വിഷയം അവതരിപ്പിക്കും? ഞാൻ കൊളാടിയുടെ പേരു പറഞ്ഞു. അദ്ദേഹം ഒഴിഞ്ഞുമാറാൻ നോക്കി. കോളേജിൽ ഈ വിഷയത്തെക്കുറിച്ച് നടന്ന ഒരു ഉപന്യാസ മത്സരത്തിൽ കൊളാടിക്കായിരുന്നു ഒന്നാം സമ്മാനം എന്നു ഞാൻ പറഞ്ഞപ്പോൾ മറ്റുള്ളവർ പിന്നെ കൊളാടിയെ വിട്ടില്ല. ഇന്ന് അദ്ദേഹം പൊന്നാനിയിൽ അഭിഭാഷകനായി രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക കാര്യങ്ങളിൽ സജീവമായി പങ്കുവഹിച്ചുകഴിയുന്നു.

തൃശ്ശൂരിൽ പഠിക്കുന്ന കാലത്ത് ഒഴിവുള്ള വൈകുന്നേരങ്ങളിൽ ഞാൻ തേക്കിൻകാട് മൈതാനത്തു ചെന്നിരിക്കും. ചിലപ്പോൾ വൈലോപ്പിള്ളിയോടൊത്ത് പി.സി. അവിടെ ഉണ്ടാവും. എന്നേയും വിളിച്ച് കൂടെയിരുത്തും. അങ്ങനെയിരിക്കുന്ന ഒരു ദിവസം മുണ്ടശ്ശേരി വന്നു. നാട്ടുകാരനായ ഇക്കണോമിക്സ് വിദ്യാർഥി എന്ന് പി.സി. എന്നെ പരിചയപ്പെടുത്തി. അപ്പോൾ മുണ്ടശ്ശേരി "താൻ അവിടെ പഠിക്കുന്നതൊന്നുമല്ലെടോ ഇക്കണോമിക്സ്. ആദ്യം കെ. ദാമോദരന്റെ പുസ്തകങ്ങൾ വായിക്ക്." അങ്ങനെ ഞാൻ ദാമോദരന്റെ പുസ്തകങ്ങൾ വായിക്കാൻ തുടങ്ങി.

ഒരു വാരാന്ത്യത്തിൽ ഞാൻ നാട്ടിലെത്തി അമ്മാവൻ വേലുക്കുറുപ്പുമായി സംസാരിച്ചിരിക്കുമ്പോൾ ഇടശ്ശേരി ഓടിവന്നു. "കുറുപ്പേട്ടാ, പി.സി. ടൈഫോയ്ഡ് പിടിച്ച് തൃശ്ശൂരിൽ അവശനായി കിടക്കുന്നു. ഉടൻ പോയി കൊണ്ടുവരണം." അമ്മാവൻ ഉടൻ കാർ ഏർപ്പാടാക്കി. ഇടശ്ശേരിയും അമ്മാവനും ഞാനും കൂടി തൃശ്ശൂർക്ക് പുറപ്പെട്ടു. അവിടെ കിഴക്കുമ്പാട്ടുകരയിൽ ഒരു വീടിന്റെ പടിപ്പുരയിൽ പി.സി. ബോധമില്ലാതെ കിടക്കുന്നു. വീട്ടിലെ ഒരു വൃദ്ധ നോക്കി നില്പുണ്ട്. ഞങ്ങൾ ഉടനെ പി.സിയേയും കൊണ്ടു മടങ്ങി. അതോടെ പി.സിയുടെ 'മംഗളോദയം' പത്രാധിപത്യം അവസാനിച്ചു.